190989/2019/FC DCKKD

A 12869

# ഫോറം നമ്പർ 7

ചട്ടം 18 (1) കാണുക

## 11-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ജില്ലാകലക്ടർ പുറപ്പെടുവിക്കുന്ന പ്രാരംഭ വിജ്ഞാപനം

ബി.678/12

തീയതി 11.10.18

കോഴിക്കോട് ജില്ലാകലക്ടർ 05.09.2018 ലെ DCKKD/3649/17/ബി2 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് നഗരപാത വികസനപദ്ധതി സ്പെഷൽ തഹസിൽദാരെ (എൽ.എ) ഈ എൽ.എ കേസിൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമം 2013 ലെ ആക്ടിനു വിധേയമായി ഒരു കലക്ടറുടെ ചുമതലകൾ നിർവഹിക്കാൻ നിയമിച്ചിരിക്കുന്നതിനാലും,

ആയതിന് ഇപ്പോൾ കോഴിക്കോട് എൽ.എ ഡെപ്യൂട്ടികലക്ടറെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിരിക്കുന്നതിനാലും,

അതിനാൽ ഇപ്പോൾ താഴെ പട്ടികയിൽ വിവരം കാണിച്ച ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ഫ്രാൻസിസ് റോഡ് ജംഗ്ഷൻ മുതൽ മാങ്കാവ് ജംഗ്ഷൻ വരെയുള്ള റോഡ് വീതി കൂട്ടുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ആ കലക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ അതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ സ്ഥലമെടുപ്പ് നിയമം പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള 2013 ലെ ആക്ട് 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

അതിനാൽ ഏറ്റെടുക്കലിന് നിർദ്ദേശിക്കപ്പെട്ട ഭൂമിയിൽ അവകാശ താൽപര്യം ഉള്ള എല്ലാ വ്യക്തികളും ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഈ വിഷയത്തിൽ ഒരു പബ്ലിക് നോട്ടീസ് കിട്ടിയതിനുശേഷമോ ഇതിൽ ഏതാണ് അവസാനം ലഭിച്ചത് ആ തീയതിക്കുള്ളിൽ ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ റിക്കാർഡുകളുടെ നിജസ്ഥിതി വരുത്തുന്നതിനെ സംബന്ധിച്ചോ അല്ലെങ്കിൽ ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചോ വല്ല എതിർപ്പുമുണ്ടെങ്കിൽ ആയത് രേഖാമൂലം കോഴിക്കോട് നഗരപാത വികസനപദ്ധതി

സ്പെഷൽ തഹസിൽദാർ (എൽ.എ) കോഴിക്കോട് എന്നാൾ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത തീയതി കഴിഞ്ഞു കിട്ടുന്ന എതിർപ്പു പരാതികളും സ്റ്റേറ്റ്മെന്റുകളും അല്ലെങ്കിൽ എതിർപ്പു പരാതിക്കാർക്ക് ഈ ഭൂമിയിൽ ഏതു രീതിയിലുള്ള അവകാശമാണ് ഉള്ളത് എന്നു വ്യക്തമായി കാണിക്കാത്ത എതിർപ്പു പരാതികളും ഒന്നായി നിരസിക്കുന്നതാണ്.

സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ ഒരു ചുരുക്കം താഴെ വിവരിക്കുന്നു. ഇത് ജില്ലാകലക്ടറുടെ ഒഫീഷ്യൽ വെബ് സൈറ്റിൽ ലഭ്യമാണ്.

മാങ്കാവ് ജംഗ്ഷനിൽ 0.0034 ഹെക്ടർ ഭൂമി കൂടി ഫ്രാൻസിസ് റോഡ് ജംഗ്ഷൻ മുതൽ മാങ്കാവ് ജംഗ്ഷൻ വരെയുള്ള റോഡ് വീതികൂട്ടുന്നതിന് ആവശ്യമാണ്. നിർദ്ദിഷ്ട റോഡ് വികസനത്തിനായി മുമ്പു തന്നെ ഭൂരിഭാഗം ഭൂമിയും ഏറ്റെടുക്കുകയും റോഡ് വികസനം നടന്നിട്ടുള്ളതുമാണ്. 0.0034 ഹെക്ടർ ഭൂമി മാത്രമാണ് ഇനി ഏറ്റെടുക്കാനുള്ളത്. ഇത് ഒരു വ്യക്തിയുടെ ഭൂമിയാണ്. ഈ ഭൂമിയിൽ കൃഷിയൊന്നുമില്ല. കെ.ആർ.ബേക്കറി & റസ്റ്റാറന്റ് എന്ന സ്ഥാപനം ഈ ഭൂമിയിൽ വാടകക്ക് പ്രവർത്തിക്കുന്നുണ്ട്. ഏറ്റെടുക്കാനുള്ള 0.0034 ഹെക്ടർ ഭൂമി ഏറ്റെടുത്താൽ ഈ സ്ഥാപനത്തെ ബാധിക്കാത്തതിനാൽ തൊഴിലിനും ജീവനക്കാർക്കും യാതൊരുവിധ പ്രശ്നവും ഉണ്ടാകുന്നില്ല എന്നും ഈ ഭൂമി ഏറ്റെടുക്കുന്നതുമൂലം യാതൊരു തരത്തിലുമുള്ള സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക ആഘാതങ്ങളും ഉണ്ടാകില്ല എന്നും സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തിയ വിദഗ്ദ്ധ സമിതിക്ക് ബോധ്യപ്പെടുകയും ചെയ്തിരിക്കുന്നു.

## പട്ടിക

ജില്ല : കോഴിക്കോട്
വില്ലേജ് : വളയനാട്

താലൂക്ക് : കോഴിക്കോട്
ദേശം : വളയനാട്

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) | എന്തിനുവേണ്ടി യാണോ ഭൂമി ഏറ്റെടുക്കുന്നത് | ബാധിക്കപ്പെടുന്ന കുടുംബങ്ങൾ | ഭൂമിയുടെ ഉടമസ്ഥൻ അവകാശ താൽപര്യമുള്ളവർ |
|---|---|---|---|---|---|---|
| 1 | 24-9-339/1 | തോട്ടം | 0.0034 | ഫ്രാൻസിസ് റോഡ് ജംഗ്ഷൻ മുതൽ മാങ്കാവ് ജംഗ്ഷൻ വരെയുള്ള റോഡ് വീതികൂട്ടൽ | അക്വിസിഷനിൽപ്പെടുന്ന ഭൂമിയിൽ കുഴിക്കൂറുകളോ ചമയങ്ങളോ ഇല്ല. കുടിയൊഴിപ്പിക്കേണ്ട കുടുംബങ്ങളോ ഇല്ല | വി.സി.ജോസഫ്, വടക്കേൽ ഡോർ നം. 5/266 പി.എച്ച്.ഇ.ഡി റോഡ്, സിവിൽസ്റ്റേഷൻ, കോഴിക്കോട് |

O/o The Spl. Tahsildar (L.A) KOZHIKODE Kozhikode City Road Improvement Pr...

27/1/19

സ്പെഷൽ തഹസിൽദാർ (എൽ.എ)
കെ.സി.ആർ.ഐ.പി, കോഴിക്കോട്